ദ്രോഹിക്കാനുള്ള പ്രവണതയാണ്. റോഡ് വികസനം നടത്തുമ്പോൾ പലരുടേയും വീടുകളും സ്ഥലവും നഷ്ടമാകുന്ന പ്രവണത അവസാനിപ്പിക്കണം. ലാൻഡ് അക്വിസിഷൻ നടപടിക്കെതിരായി ഞാൻ സംസാരിക്കുകയല്ല. വികസനം ആവശ്യമാണ്. പക്ഷെ സാധാരണക്കാരെ ദ്രോഹിക്കുന്ന പ്രക്രിയ അവസാനിപ്പിക്കണം, ഇത് പുനഃപരിശോധിക്കണം. തെരഞ്ഞെടുക്കപ്പെട്ട മുനിസിപ്പൽ കൗൺസിലിനു ഈ പദ്ധതി വിട്ടുകൊടുക്കണം എന്നാണ് എനിക്ക് വകുപ്പുമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, കണ്ണൂർ മുനിസിപ്പാലിറ്റിയിൽ താവക്കര നോർത്ത്, താവക്കര സൗത്ത് എന്നീ പ്രദേശങ്ങൾക്കുവേണ്ടി ഡീറ്റയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കിയിട്ടുണ്ട്. അത് അവിടത്തെ ഡവലപ്പ്മെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ആവശ്യമായിട്ടുള്ളതാണ്. അതിനെപ്പറ്റി ആർക്കും തർക്കമില്ല. പക്ഷേ അതിലേക്ക് കുറേ സ്ഥലം അക്വയർ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു സ്കീമിനുവേണ്ടി അഞ്ച് ഏക്കർ സ്ഥലവും അടുത്ത സ്കീമിനുവേണ്ടി ആറ് ഏക്കർ സ്ഥലവും ആണ് ആകെ അക്വയർ ചെയ്യേണ്ടത്. അതിനെപ്പറ്റി ഉൽക്കണ്ഠയൊന്നും ആവശ്യമില്ല. ഈ സ്കീം ആദ്യം പരസ്യം ചെയ്തത് 30-9-1985-ലാണ്. അതുപോലെതന്നെ പരാതികളും അഭിപ്രായങ്ങളും ലഭിക്കുന്നതിനുള്ള അവസാന തീയതി 28-11-1986 ആണ്. അപ്പോൾ അക്വിസിഷനെ സംബന്ധിച്ചിടത്തോളം പരാതിയുണ്ടെങ്കിൽ നവംബർ 28-ാം തീയതിക്കുമുമ്പ് കൊടുക്കാം. ആ ഒബ്ജക്ഷനുകളൊക്കെ കേട്ടതിനുശേഷമേ ഫൈനലൈസ് ചെയ്യുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തെപ്പറ്റി അതിന്റെ മെറിറ്റ് അടിസ്ഥാനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് കഴിവതും ആളുകൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത രീതിയിൽ ഈ വികസന പദ്ധതി ഉപേക്ഷിക്കാതെ അത് നടപ്പിലാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. അതുകൊണ്ട് ആ ഒബ്ജക്ഷൻസൊക്കെ കേട്ടിട്ട് ആവശ്യമായ നടപടികളും എടുക്കാം.

(8) ചാവക്കാട് കടപ്പുറത്തുനിന്നും മൽസ്യബന്ധനത്തിനു പോയ മൂന്ന് മൽസ്യത്തൊഴിലാളികളെ കാണാതായ സംഭവം

ശ്രീ. വി. ദിനകരൻ : സർ, കഴിഞ്ഞ ഒക്ടോബർ 26-ാം തീയതി ചാവക്കാട് കടപ്പുറത്തുനിന്ന് ഒരു ഗിൽനെറ്റ് ബോട്ടിൽ മൽസ്യബന്ധനത്തിനുപോയ മൂന്ന് മൽസ്യത്തൊഴിലാളികളും തിരിച്ചുവന്നിട്ടില്ല. ജോർജ് കുട്ടി, കായച്ചിറ, അദ്ദേഹം ആലപ്പുഴക്കാരനാണ്. മൈക്കിൾ, പള്ളിപ്പറമ്പ് അദ്ദേഹം ആലപ്പുഴക്കാരനാണ്. തിരുവനന്തപുരം സ്വദേശിയായ മറ്റൊരു മൽസ്യത്തൊഴിലാളിയുമുണ്ട്. ഇവരെ അടിയന്തിരമായി കണ്ടുപിടിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതേസമയം ഞായറാഴ്ച രാത്രി 11 മണിയോടുകൂടി ജോർജിന്റെ ബന്ധുക്കൾ എന്നെ വന്ന് കാണുകയുണ്ടായി. ഈ ജോർജ് ഇതുവരെ തിരിച്ചുവന്നിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഇന്നലത്തെ മനോരമ പത്രത്തിലും ഇവർ തിരിച്ചുവന്നിട്ടില്ലെന്ന വാർത്ത വന്നിരുന്നു. നേവിയുടെ സഹായത്തോടുകൂടി അടിയന്തിരമായി ഇവരെ കണ്ടുപിടിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൻ. ജേക്കബ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചതുപോലെ 25-10-1986-ൽ ചാവക്കാട് വാക്കോട് കടപ്പുറത്തുനിന്നും കടലിൽ പോയ മൂന്ന് മൽസ്യത്തൊഴിലാളികളെ കാണാനില്ലാതെ വന്ന ആശങ്ക നവംബർ 2-ാം തീയതി വൈകുന്നേരം വരെ തുടർന്നു. അന്നു വൈകുന്നേരം അവർ താനൂർ കടൽപ്പുറത്ത് എത്തിച്ചേർന്നു. അവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിൽസ തുടരുന്നു. അവർ സുരക്ഷിതരാണ്. ഇവിടെ ആരോപിച്ചതുപോലെ റസ്ക്യൂ നടപടികൾക്ക് യാതൊരു കുറവും കുറവും ഉണ്ടായിട്ടില്ല. മറൈൻ എൻഫോഴ്സ്മെൻറ് ഡി. ഐ. ജി. തന്നെ സ്ഥലത്തെത്തി ജില്ലാ കളക്ടറുടെയും ഫിഷറീസ് പോർട്ട് വകുപ്പുദ്യോഗസ്ഥൻമാരുടെയും നേവിയുടെയും നേതൃത്വത്തിൽ ഹെലികോപ്റ്റർ വരുത്തി ജാഗ്രതയോടെ സർച്ച് നടത്തി. ഭാഗ്യത്തിന് മൽസ്യത്തൊഴിലാളികൾ സുരക്ഷിതരായി കരയ്ക്ക് അടുക്കുകയും ചെയ്തു.

(9) ഏറ്റുമാനൂർ പട്ടണത്തിലെ പുതിയ ബസ് സ്റ്റാൻറ്

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, ഏറ്റുമാനൂർ പട്ടണത്തിലെ യാത്രക്കാരുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി 1982 ആദ്യം കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ രൂപീകരിക്കുന്നതിന് അന്ന് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീമാൻ കെ. എം. മാണിയുടെ നേതൃത്വത്തിൽ ആലോചിക്കുകയും, പഞ്ചായത്ത് രണ്ടര ഏക്കർ സ്ഥലം നൽകുകയും, എൻ. ആർ. ഇ. പി. യിൽ ഉൾപ്പെടുത്തി ആ പ്രദേശം ലെവലാക്കി ബസ് സ്റ്റേഷന്റെ പ്രവർത്തനം 1984 ആഗസ്റ്റ് 4-ാം തീയതി ആരംഭിക്കുകയും ചെയ്തു. രണ്ടര ഏക്കർ സ്ഥലം നൽകിയ ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഇന്നും, അത് സ്റ്റേഷൻ മാസ്റ്റർ ഓഫീസായിട്ട് മാത്രം പ്രവർത്തിക്കുന്നു. ദിവസവും ആയിരക്കണക്കിന് ആളുകൾ കയറിയിറങ്ങുന്ന ആ ബസ് സ്റ്റാൻറിന്റെ സംബന്ധിച്ചിടത്തോളം കോട്ടയം പട്ടണത്തിനിന്നും 12 കിലോമീറ്റർ അകലെയാണെങ്കിലും കോട്ടയം പട്ടണത്തിലുള്ള ബസ് സ്റ്റേഷനു ഇറിഗേഷൻ സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ ഈ സ്റ്റേഷൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് അങ്ങോട്ടുള്ള way in way out സ്റ്റേഷൻ പരിസരങ്ങൾ ടാർ ചെയ്തു വാഹനങ്ങൾക്ക് കയറത്തക്ക വിധത്തിൽ 24 മണിക്കൂറും പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ഇപ്പോൾ ഏറ്റുമാനൂർ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് രാവിലെ ആറു മണിമുതൽ രാത്രി പത്തുമണിവരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കോട്ടയത്തുനിന്ന് 12 കിലോമീറ്റർ അകലെ മാത്രമാണ് ഇത് പ്രവർത്തിക്കുന്നത്. ഇത് വെറും ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് മാത്രമാണ്. 16 മണിക്കൂർ പ്രവർത്തിക്കുന്ന സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കണമെന്ന ഒരാവശ്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത്. അതിന്റെ ആവശ്യമുണ്ടോയെന്ന് അതിന്റെ സാങ്കേതിക വശങ്ങൾകൂടി പരിശോധിക്കാൻ കെ. എസ്. ആർ. ടി. സി. തയ്യാറാണ്. മറ്റൊരു കാര്യം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച സ്റ്റേഷൻ പരിസരം way in-ും way out-ും മെറ്റൽ ചെയ്ത് ടാർ ചെയ്യണമെന്നുള്ളതാണ്. ഇതിനെ സംബന്ധിച്ച് ഏതാണ്ട് ഒന്നര ലക്ഷം രൂപ ചെലവുവരുന്ന ഒരു എസ്റ്റിമേറ്റ് കെ. എസ്. ആർ. ടി. സി. യുടെ സിവിൽ എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കി. അതിനോടൊപ്പം തന്നെ ഏറ്റുമാനൂർ ബസ് സ്റ്റേഷന്റെ കൈവശം ഏൽപ്പിച്ചതായ സ്ഥലത്തെ

LIBRARY ARCHIVES Kerala Legislative Assembly